വ്യവസായ സ്ഥാപനങ്ങളിലെ മാൻപവർ

97 [1276] ശ്രീ. എം. പി. ഗംഗാധരൻ:

" ടി. എൻ. പ്രതാപൻ:

" ടി. വി. ചന്ദ്രമോഹൻ:

" വി. ഡി. സതീശൻ:

" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാൻപവർ നിലയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥാപനങ്ങളിൽ ആവശ്യത്തിലധികം മാൻപവർ ഉണ്ട്;

(സി) അധിക മാൻപവറിൽ ഉൾപ്പെട്ട ജീവനക്കാരുടെ എണ്ണം എത്രയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഈ പഠനം നടത്താത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഗണത്തിൽ പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതുതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര പേരെന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി, & സി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മറ്റി ഓരോ സ്ഥാപനങ്ങളുടെയും വിശദമായ പഠനത്തിന് വിധേയമാക്കുമ്പോൾ ആ സ്ഥാപനങ്ങളിൽ അധിക ജീവനക്കാർ ഉണ്ടോ എന്ന കാര്യം കമ്പനി തലത്തിൽ വിശകലനം ചെയ്യാറുണ്ട്. ആവശ്യമെങ്കിൽ വിദഗ്ദ്ധ എജൻസികളെകൊണ്ടും കമ്പനി തലത്തിൽ വിശദമായ പഠനം നടത്താറുണ്ട്. എന്റർപ്രൈസസ് റിഫോംസ് കമ്മറ്റിയുടെ ശുപാർശകളിൽമേൽ അധികമുള്ള ജീവനക്കാർക്കായി സാമൂഹിക സുരക്ഷിതത്വ പദ്ധതി നടപ്പിൽ വരുത്തിയ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെയും, സർക്കാരിൽ നിന്ന് നൽകിയ ധനസഹായത്തിന്റെയും, വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പരിശോധിക്കുന്നതാണ്.

(ഇ ആന്റ് എഫ്) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

98 [1278] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും അവയിൽ ഓരോന്നും കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടാക്കിയ ലാഭം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നഷ്ടം ഇല്ലാതാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(ഡി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങളിൽ സർക്കാർ ആവശ്യങ്ങൾക്ക് വില്പന നടത്തിയിരുന്നവയിൽ ഈ സർക്കാർ വന്നതിനുശേഷം എന്തു കുറവുണ്ടായിട്ടുണ്ട്; എത്രയെന്ന് ഓരോന്നും തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടം ഉണ്ടാക്കിയവയിൽ പൊതു ഖജനാവിന് ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാനായി ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൽ കീഴിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly